ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 11.08.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) പാർലമെൻറിൽ ഇന്നും പ്രതിപക്ഷ ബഹളം. ഇരു സഭകളും രണ്ട് മണിവരെ നിർത്തിവച്ചു.

**Both the Houses of the parliament have been adjourned till 2:00 PM following opposition parties' uproar over various issues.**

2) വോട്ടർ പട്ടികാ പരിഷ്കരണത്തിൽ തിരഞ്ഞെടുപ്പ് കമ്മീഷനിലേക്ക് പ്രതിഷേധ മാർച്ച് നടത്തി പ്രതിപക്ഷ എംപിമാർ.

**The Opposition MPs today staged a protest march from Parliament House Complex to the office of Election Commission against the Special Intensive revision of electoral roll in Bihar.**

3) പിഎം ആവാസ് യോജനയിലൂടെ രാജ്യത്തെ 4 കോടിയോളം ദരിദ്രരുടെ വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ സാധിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി.

Prime Minister Narendra Modi said that the dream of permanent home of 4 crore poor people across the country has been fulfilled by PM Awas Yojana

4) രാജ്യത്തെ 30 ലക്ഷത്തിലധികം കർഷകർക്ക് 3,200 കോടി രൂപയുടെ വിള ഇൻഷുറൻസ് ക്ലെയിമുകൾ കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ഇന്ന് വിതരണം ചെയ്യും.

Centre to disburse 3,200 crore rupees in crop insurance to 30 lakh farmers today.

5) കേരളത്തിലെ പൊതു ആരോഗ്യ സംവിധാനം മികച്ച നിലവാരത്തിലാണ് പ്രവർത്തിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

Kerala's public health system is functioning at laudable standards, says Chief Minister Pinarayi Vijayan.

6) യുഎൻ പൊതുസഭയിൽ, പലസ്തീനെ സ്വതന്ത്രരാഷ്ട്രമായി അംഗീകരിക്കുമെന്ന് ഓസ്‌ട്രേലിയ

Australian Prime Minister Anthony Albanese announced that Australia will formally recognize the State of Palestine at the 80th Session of the United Nations General Assembly in September, marking a significant shift in the nation's foreign policy.

&&&&&&&&&&&&&&&&&&&

**PARLIAMENT – ADJOURN –INTRO**

പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെൻറിൻറെ ഇരു സഭകളും രണ്ട് മണിവരെ നിർത്തിവച്ചു. ബിഹാർ തീവ്ര വോട്ടർ പട്ടികാ പരിഷ്കരണം ഉൾപ്പെടെയുള്ള വിഷയങ്ങൾ ഉന്നയിച്ചായിരുന്നു പ്രതിപക്ഷ പ്രതിഷേധം. രാജ്യസഭയിൽ അഞ്ച് വിഷയങ്ങളിൽ അടിയന്തര ചർച്ച ആവശ്യപ്പെട്ട് പ്രതിപക്ഷം കൊണ്ടുവന്ന 29 നോട്ടീസുകൾ സഭാ ഉപാധ്യക്ഷൻ ഹരിവംശ് തള്ളി. കോടതി പരിഗണനയിലുള്ള വിഷയങ്ങളിൽ ചർച്ച അനുവദിക്കാനാവില്ലെന്ന് അദ്ദേഹം വ്യക്തമാക്കി. പ്രതിപക്ഷ എംപി മാർ സീറ്റുകളിലേക്ക് മടങ്ങണമെന്ന് ഉപാധ്യക്ഷൻ ആവശ്യപ്പെട്ടെങ്കിലും, ബഹളം തുടർന്ന സാഹചര്യത്തിൽ നടപടികൾ 2 മണി വരെ നിർത്തിവയ്ക്കുകയായിരുന്നു.

ലോക്സഭയിലും സമാനമായ സംഭവങ്ങളാണ് അരങ്ങേറിയത്. 11 മണിക്ക് സമ്മേളനം ആരംഭിച്ചതുമുതൽ പ്രതിപക്ഷം പ്രതിഷേധം തുടങ്ങി. തുടർച്ചയായി സഭാ നടപടികൾ തടസ്സപ്പെടുത്തുന്നത് ജനാധിപത്യത്തിന് ഭൂഷണമല്ലെന്ന് സ്പീക്കർ ഓം ബിർള പറഞ്ഞെങ്കിലും പ്രതിപക്ഷം പ്രതിഷേധം തുടരുകയായിരുന്നു. തുടർന്ന് നടപടികൾ രണ്ട് വരെ നിർത്തിവക്കുന്നതായി സ്പീക്കർ അറിയിച്ചു.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&&&

## OPPOSITION – PROTEST

ബിഹാർ തീവ്ര വോട്ടർ പട്ടികാ പരിഷ്കരണത്തിൽ പ്രതിപക്ഷ എംപിമാർ പാർലമെൻറ് സമുച്ചയത്തിൽ നിന്നും, തിരഞ്ഞെടുപ്പ് കമ്മീഷനിലേക്ക് പ്രതിഷേധ മാർച്ച് നടത്തി. 2024 ലോക്സഭാ തിരഞ്ഞെടുപ്പിനായുള്ള വോട്ടർ പട്ടികയിൽ കൃത്രിമം നടന്നതായും എംപിമാർ ആരോപിച്ചു. മല്ലികാർജ്ജുൻ ഖർഗേ, രാഹുൽ ഗാന്ധി, ശരദ് പവാർ, അഖിലേഷ് യാദവ് തുടങ്ങി പ്രതിപക്ഷത്തെ മുൻനിര നേതാക്കൾ മാർച്ചിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## PM – MP FLATS (INTRO)

പിഎം ആവാസ് യോജനയിലൂടെ രാജ്യത്തെ 4 കോടിയോളം ദരിദ്രരുടെ വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ സാധിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി. പാർലമെന്റ് അംഗങ്ങൾക്കായി പുതുതായി നിർമ്മിച്ച 184 ബഹുനില ഫ്ലാറ്റുകളുടെ ഉദ്ഘാടനം ന്യൂഡൽഹിയിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള എംപിമാർ ഈ ഫ്ളാറ്റുകളിൽ ഒരുമിച്ച് താമസിക്കുന്നത് ഏക് ഭാരത് ശ്രേഷ്ഠ് ഭാരത് എന്ന ദർശനത്തെ പ്രതിഫലിപ്പിക്കുന്നതായും പ്രധാനമന്ത്രി പറഞ്ഞു. സുസ്ഥിര വികസനമെന്ന കാഴ്ചപ്പോടോടു കൂടിയാണ് രാജ്യം മുന്നോട്ടുപോകുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ്)

ബാബാ ഖടക് സിംഗ് മാർഗിൽ നിർമിച്ചിരിക്കുന്ന 5,000 ചതുരശ്രയടി വരുന്ന ഫ്ലാറ്റുകൾ എം പി മാരുടെയും ജീവനക്കാരുടേയും താമസത്തിനും, ഔദ്യോഗിക ആവശ്യങ്ങൾക്കും സൗകര്യം ഒരുക്കുന്നു.

&&&&&&&&&&&&&&&&&&

## SHIVRAJ – CROP INSURANCE

രാജ്യത്തെ 30 ലക്ഷത്തിലധികം കർഷകർക്ക് 3,200 കോടിയിലധികം രൂപയുടെ വിള ഇൻഷുറൻസ് ക്ലെയിമുകൾ കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ ഇന്ന് വിതരണം ചെയ്യും. രാജസ്ഥാനിലെ ജുൻജുനുവിലാണ് ചടങ്ങ് സംഘടിപ്പിച്ചിരിക്കുന്നത്. പ്രധാൻമന്ത്രി ഫസൽ ബീമ യോജനയുടെ ഭാഗമായി കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ടാണ് തുക കൈമാറുക. വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള കർഷകർ വെർച്വലായി പരിപാടിയിൽ പങ്കെടുക്കും.

&&&&&&&&&&&&&&&&&&

## EC – RAHUL GANDHI

2024 ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ വോട്ടർ തട്ടിപ്പ് നടത്തിയെന്ന ആരോപണത്തിന് തെളിവുകൾ ആവശ്യപ്പെട്ട് കർണാടക മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിക്ക് നോട്ടീസ് അയച്ചു.

സിഇഒയുടെ ഓഫീസ് നടത്തിയ പ്രാഥമിക അന്വേഷണത്തിൽ ഒരു വോട്ടർ രണ്ടുതവണ വോട്ടുരേഖപ്പെടുത്തിയതായി കണ്ടെത്തിയിട്ടില്ലെന്ന് നോട്ടീസിൽ പറയുന്നു. കർണാടകയിലെ മഹാദേവപുര നിയമസഭാ മണ്ഡലത്തിൽ വൻതോതിലുള്ള വോട്ട് തട്ടിപ്പ് നടന്നതായി ആരോപിച്ച് രാഹുൽ ഗാന്ധി നടത്തിയ പത്രസമ്മേളനത്തെ തുടർന്നാണ് നടപടി.

&&&&&&&&&&&&&&&&&&

**CM-HEALTH**

സംസ്ഥാനത്തെ പൊതു ആരോഗ്യ സംവിധാനം മികച്ച രീതിയിലാണ് നിലനിൽക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ മികച്ചവയെ അന്താരാഷ്ട്ര സ്വകാര്യ കുത്തക കമ്പനികൾ സ്വന്തമാക്കുകയാണെന്നും മുഖ്യമന്ത്രി പറഞ്ഞു. കണ്ണൂർ ജില്ലാ ആശുപത്രി സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് ഉദ്ഘാടനം ചെയ്യുക ആയിരുന്നു മുഖ്യമന്ത്രി. ഭൂവിനിയോഗ വകുപ്പ് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കായി നടത്തുന്ന സമുചിത വിള നിർണ്ണയ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനവും മുഖ്യമന്ത്രി ഇന്ന് നിർവഹിച്ചു. വൈകിട്ട് വേങ്ങാട് ലൈഫ് ഭവന പദ്ധതിയിൽ നിർമ്മിച്ച 50 വീടുകളുടെ താക്കോൽദാനവും അദ്ദേഹം നിർവഹിക്കും

&&&&&&&&&&&&&&&&&&

## AIR INDIA-K C VENUGOPAL

തിരുവനന്തപുരത്ത് നിന്ന് ഡൽഹിയിലേക്കുള്ള എയർ ഇന്ത്യ വിമാനം അടിയന്തര ലാൻഡിംഗ് നടത്തിയ സംഭവത്തിൽ അന്വേഷണം നടത്തണമെന്ന് dgca യോട് ആവശ്യപ്പെട്ടതായി കെ സി വേണുഗോപാൽ എം പി . ഇത്തരം പിഴവുകൾ പരിഹരിക്കാനും , ആവർത്തിക്കില്ലെന്നു ഉറപ്പാക്കാനും നടപടി സ്വീകരിക്കണമെന്നും എം പി ആവശ്യപ്പെട്ടു. കെ സി വേണുഗോപാൽ, ഉൾപ്പെടെ അഞ്ച് എംപിമാർ ഇന്നലെ ഈ വിമാനത്തിൽ യാത്ര ചെയ്തിരുന്നു.

&&&&&&&&&&&&&&&&&&

## HAR GHAR TIRANGA

ഹർ ഘർ തിരംഗ പ്രചാരണത്തിന്റെ ഭാഗമായി കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയവും ദേശീയ ചലച്ചിത്ര വികസന കോർപ്പറേഷനും സംയുക്തമായി സംഘടിപ്പിക്കുന്ന മൂന്ന് ദിവസത്തെ ചലച്ചിത്ര മേളയ്ക്ക് ന്യൂഡൽഹിയിൽ ഇന്ന് തുടക്കം. കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്, കേന്ദ്ര സഹമന്ത്രി എൽ മുരുഗൻ തുടങ്ങിയ പ്രമുഖർ മേളയിൽ പങ്കെടുക്കും.

&&&&&&&&&&&&&&&&&&

## INDEPENDENCE DAY- PM

79-ാമത് സ്വാതന്ത്ര്യദിന പ്രസംഗത്തിനായി ആശയങ്ങൾ പങ്കിടാൻ രാജ്യത്തെ ജനങ്ങളെ ക്ഷണിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിലെ ചുവപ്പ്കോട്ടയിൽ നടക്കുന്ന പ്രസംഗത്തിൽ ഉൾപ്പെടുത്താനായാണ് ചിന്തകളും ആശയങ്ങളും ക്ഷണിച്ചത്.

&&&&&&&&&&&&&&&&&&&

## VOTERS LIST

കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിലെ വോട്ടർപട്ടിക പുതുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കരട് വോട്ടർപട്ടിക പുതുക്കുന്നതിന് നാളെ വരെ സമയം അനുവദിച്ചിട്ടുണ്ട്. അന്തിമ വോട്ടർ പട്ടിക ഈ മാസം 30 ന് പ്രസിദ്ധീകരിക്കും.

&&&&&&&&&&&&&&&&&&&

## UTTRAKHAND – RESCUE

ഉത്തരാഖണ്ഡിൽ മിന്നൽ പ്രളയം നാശം വിതച്ച ഉത്തരകാശി ജില്ലയിലെ ധരാലി മേഖലയിൽ രക്ഷാപ്രവർത്തനം തുടരുന്നു. കേന്ദ്രസംസ്ഥാന ദുരന്ത നിവാരണ സേനകൾ സംയുക്തമായാണ് രക്ഷാപ്രവർത്തനം നടത്തുന്നത്. ദുരിതബാധിത മേഖലകളിൽ, ഭക്ഷ്യവസ്തുക്കളും, മറ്റ് അവശ്യ സാധനങ്ങളും എത്തിക്കുന്നതിനൊപ്പം, കുടുങ്ങിക്കിടക്കുന്നവരെ വിമാനമാർഗം പുറത്തെത്തിക്കുന്നതിനും ശ്രമങ്ങൾ

നടക്കുന്നുണ്ട്. നാശനഷ്ടങ്ങൾ വിലയിരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ ഒരാഴ്ചയ്ക്കുള്ളിൽ പൂർത്തിയാക്കാൻ ഉത്തരാഖണ്ഡ് മുഖ്യമന്ത്രി പുഷ്കർ സിംഗ് ധാമി ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

&&&&&&&&&&&&&&&&&&

## MAHARASHTRA GIG WORKERS

ഇ-കൊമേഴ്സ്, സേവന മേഖലയിൽ പ്രവർത്തിക്കുന്ന അഞ്ച് ലക്ഷത്തിലധികം ഗിഗ് തൊഴിലാളികൾക്കായി സാമൂഹിക സുരക്ഷാ മാനദണ്ഡങ്ങൾ അവതരിപ്പിക്കാൻ ഒരുങ്ങി മഹാരാഷ്ട്ര സർക്കാർ. തൊഴിലാളികൾക്കും കുടുംബങ്ങൾക്കും ആരോഗ്യ ഇൻഷുറൻസ്, ജീവൻ പരിരക്ഷ , സ്ഥിര വരുമാനം, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്നിവ ഉറപ്പുവരുത്താനായി ക്ഷേമനിധി രൂപീകരിക്കാൻ കമ്പനികൾക്ക് ഇതിലൂടെ നിർദേശം നൽകുന്നു.

&&&&&&&&&&&&&&&&&&

## BHUPENDER YADAV

വന്യജീവി ആവാസ വ്യവസ്ഥകളുടെ സംരക്ഷണം, പരിപാലനം എന്നിവയ്ക്കായി സർക്കാർ രാജ്യത്തുടനീളം സംയോജിത വന്യജീവി ആവാസ വ്യവസ്ഥ വികസന പദ്ധതി നടപ്പിലാക്കുന്നുണ്ടെന്ന് കേന്ദ്ര പരിസ്ഥിതി മന്ത്രി ഭൂപേന്ദർ

യാദവ്. ഈ പദ്ധതി പ്രകാരം, വന്യജീവി ആവാസ വ്യവസ്ഥകളുടെ സംരക്ഷണത്തിനും, മനുഷ്യ-വന്യജീവി സംഘർഷം കൈകാര്യം ചെയ്യുന്നതിനും കേന്ദ്രം, സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും സാമ്പത്തിക സഹായം നൽകുന്നുണ്ടെന്നും അദ്ദേഹം ലോക്സഭയിൽ ചോദ്യോത്തരവേളയിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

**AUSTRALIAN PRIME MINISTER**

സെപ്റ്റംബറിൽ നടക്കുന്ന ഐക്യരാഷ്ട്രസഭയുടെ 80-ാമത് ജനറൽ അസംബ്ലിയിൽ പലസ്തീനെ സ്വതന്ത്രരാഷ്ട്രമായി അംഗീകരിക്കുമെന്ന് ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആന്റണി അൽബനീസ്. ഫ്രാൻസ്, ബ്രിട്ടൻ, കാനഡ തുടങ്ങിയ രാജ്യങ്ങൾക്ക് പിന്നാലെയാണ് പ്രഖ്യാപനം. ഗാസയെ സൈനികവൽക്കരിക്കുക, തിരഞ്ഞെടുപ്പ് നടത്തുക തുടങ്ങിയ പലസ്തീൻ അതോറിറ്റിയുടെ വാഗ്ദാനങ്ങളെ അടിസ്ഥാനമാക്കിയാണ് അംഗീകാരം എന്നും ആന്റണി ആൽബനീസ് അറിയിച്ചു. ഓസ്ട്രേലിയൻ തീരുമാനത്തെ ഇസ്രായേൽ പ്രധാനമന്ത്രി ബെന്യാമിൻ നെതന്യാഹു വിമർശിച്ചു.

&&&&&&&&&&&&&&&&&&

**IRAN – IAEA**

അന്താരാഷ്ട്ര ആണവോർജ്ജ ഏജൻസിയുടെ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഇന്ന് ഇറാൻ സന്ദർശിക്കും. ഇറാൻെറ പുതിയ ആണവ നയപ്രകാരമുള്ള ഭാവി സഹകരണം ചർച്ച ചെയ്യുന്നതിനാണ് സന്ദർശനം. ഇറാനിലെ ആണവ കേന്ദ്രങ്ങളിൽ പരിശോധന നടത്തില്ലെന്നും IAEA വ്യക്തമാക്കി. രാജ്യത്തെ ആണവ കേന്ദ്രങ്ങൾ ലക്ഷ്യമാക്കി യുഎസ്-ഇസ്രയേൽ ആക്രമണം ഉണ്ടായതിന് പിന്നാലെ അന്താരാഷ്ട്ര ആണവോർജ്ജ ഏജൻസിയുമായുള്ള സഹകരണം ഇറാൻ നിർത്തിവച്ചിരുന്നു.

&&&&&&&&&&&&&&&&&&&

**UN**

സൈനിക പ്രവർത്തനങ്ങൾ വിപുലീകരിക്കാനും ഗാസ നഗരത്തിന്റെ നിയന്ത്രണം ഏറ്റെടുക്കാനുമുള്ള ഇസ്രായേലിന്റെ തീരുമാനത്തെ കുറിച്ച് ചർച്ച ചെയ്യുന്നതിനായി ഐക്യരാഷ്ട്രസഭ സുരക്ഷാ കൗൺസിൽ അടിയന്തര യോഗം ചേർന്നു. നിരവധി യൂറോപ്യൻ അംഗങ്ങൾ അഭ്യർത്ഥിച്ചതിനെത്തുടർന്നാണ് യോഗം വിളിച്ചുചേർത്തത്. ഗാസ നഗരം പിടിച്ചെടുക്കാനുള്ള പ്രധാനമന്ത്രി ബെന്യാമിൻ നെതന്യാഹുവിന്റെ പദ്ധതിക്ക് വെള്ളിയാഴ്ച ഇസ്രായേൽ സുരക്ഷാ മന്ത്രിസഭ അംഗീകാരം നൽകിയുരുന്നു.

&&&&&&&&&&&&&&&&&&&

## TURKEY QUAKE

പടിഞ്ഞാറൻ തുർക്കിയേയിലെ സിൻദിർഗിയിൽ ഇന്നലെ രാത്രിയുണ്ടായ ഭൂകമ്പത്തിൽ ഒരു മരണം സ്ഥിരീകരിച്ചു. 30-ഓളം പേർക്ക് പരിക്കേറ്റിട്ടുണ്ട്. 6.1 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പത്തിൽ നിരവധി കെട്ടിടങ്ങൾക്ക് കേടുപാടുകളും സംഭവിച്ചു. ഇസ്താംബൂൾ അടക്കം തുർക്കിയെയുടെ വിവിധ ഭാഗങ്ങളിൽ ഭൂചലനം അനുഭവപ്പെട്ടിരുന്നു. രക്ഷ പ്രവർത്തനം തുടരുകയാണ്.

ആർക്കും ജീവൻ നഷ്ടപ്പെട്ടതായി ഇതുവരെ റിപ്പോർട്ട് ചെയ്യിട്ടില്ല. ദുരന്ത നിവാരണ സേന പ്രദേശത്തു രക്ഷാപ്രവർത്തനം തുടരുന്നതായി തുർക്കിയെ ആഭ്യന്തര മന്ത്രി സമൂഹ മാധ്യമത്തിൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&